# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3051 13.03.2018-ൽ മറുപടിക്ക്

## സംരക്ഷിത സ്മാരകങ്ങളുടെ പരിപാലനം

**ചോദ്യം**

ശ്രീ. മുരളി പെരുനെല്ലി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സ്വകാര്യ വ്യക്തികളുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള സംരക്ഷിത സ്മാരകങ്ങളുടെ പരിപാലനത്തിനും അറ്റകുറ്റ പണികൾക്കും വേണ്ടി ഫണ്ട്/ഗ്രാന്റ് എന്നിവ നൽകുന്നതുൾപ്പെടെ പുരാവസ്തുവകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുവരുതെന്ന് അറിയിക്കാമോ ; | (എ) | സ്വകാര്യ വ്യക്തികളുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള സംരക്ഷിത സ്മാരകങ്ങളുടെ പരിപാലനത്തിനും അറ്റകുറ്റ പണികൾക്കും വേണ്ടി ഫണ്ട്/ഗ്രാന്റ് എന്നിവ പുരാവസ്തു വകുപ്പ് നൽകാറില്ല. എന്നാൽ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ്, 1972-ലെ ചട്ടങ്ങൾ എന്നിവയുടെ പരിധിയിൽ വരുന്ന സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണപ്പണികൾ പുരാവസ്തുവകുപ്പ് നേരിട്ടാണ് ചെയ്തു വരുന്നത്. |
| (ബി) | സംരക്ഷിത സ്മാരകങ്ങൾക്ക് നിലവിൽ നൽകിവരുന്ന ഇളവുകൾ വിശദമാക്കാമോ; | (ബി) & (സി) | സംരക്ഷിത സ്മാരകങ്ങൾക്ക് നിലവിൽ ഇളവുകൾ ഇല്ല. എന്നാൽ സർക്കാർ വില നൽകി ഏറ്റെടുത്തിട്ടുള്ള സംരക്ഷിത സ്മാരകങ്ങളുടെ കെട്ടിട നികുതി സർക്കാരിന് ഒടുക്കേണ്ടതില്ല. |
| (സി) | ഇവയ്ക്ക് കെട്ടിട നികുതിയിൽ ഇളവുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനായി പുരാവസ്തുവകുപ്പ് ബന്ധപ്പെട്ട അധികൃതരോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ